"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി- ശ്രീ. അയ്യപ്പൻപിള്ള, പാലക്കൽ വീട്, കുഴിത്തോളു പി.ഒ, ഇടുക്കി എന്നയാളുടെ ഉടമസ്ഥതയിൽ ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ, കരുണാപുരം വില്ലേജിൽ, സർവ്വേ നമ്പർ 67/1-3116-1, 67/1-1531-8 എന്നിവയിൽപ്പെട്ട 0.2022 ഹെക്ടർ സ്ഥലത്ത് കൃഷി ആവശ്യത്തിന് കുളം നിർമ്മിക്കുന്നതിനായി 722.08 $M^3$ പാറ ഖനനം ചെയ്തു നീക്കുന്നതിന് 2015-ലെ കെ.എം.എം.സി(ഭേദഗതി) ചട്ടങ്ങളിലെ, ചട്ടം-104 പ്രകാരം പ്രത്യേകാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.238/2024/ID തീയതി,തിരുവനന്തപുരം, 21-03-2024

---

പരാമർശം:-

1. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ(ഭേദഗതി) ചട്ടങ്ങൾ
2. 29.08.2022-ലെ ശ്രീ. അയ്യപ്പൻ പിള്ള, പാലക്കൽ വീട്, കുഴിത്തോളു, ഇടുക്കി സമർപ്പിച്ച അപേക്ഷ.
3. 22.03.2023-ലെ ദേവികുളം സബ്കളക്ടറുടെ RDODVM/1560/2022/B2 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.
4. 04.05.2023-ലെ കരുണാപുരം കൃഷി ഓഫീസറുടെ KBK 27/2023 നമ്പർ സർട്ടിഫിക്കറ്റ്.
5. 19.09.2023-ലെ ഇടുക്കി ജില്ലാ ജിയോളജിസ്റ്റിന്റെ DOIDU-DMG/1336/2022-M നമ്പർ കത്ത്.
6. 06.01.2024-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/1038/2023-M2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ കരുണാപുരം വില്ലേജിൽ സർവ്വേ നമ്പർ 67/1-3116-1, 67/1-1531-8 എന്നിവയിൽ പെട്ട 0.2022 ഹെക്ടർ സ്ഥലത്ത് കൃഷി ആവശ്യത്തിന് കുളം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പാറ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് ശ്രീ. അയ്യപ്പൻ പിള്ള, പാലക്കൽ വീട്, കുഴിത്തോളു എന്ന വ്യക്തി ഇടുക്കി ജില്ലാ ജിയോളജി ഓഫീസിൽ സമർപ്പിച്ച അപേക്ഷയിന്മേൽ സ്ഥല പരിശോധന നടത്തുകയും കുളം നിർമ്മാണത്തിന് കരിങ്കല്ല് നീക്കം ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണെന്ന് ഇടുക്കി ജില്ലാ ജിയോളജിസ്റ്റ് ശിപാർശ ചെയ്തിട്ടുണ്ട്. അപേക്ഷാ സ്ഥലത്തു കാർഷിക ആവശ്യത്തിന് ജലസേചനത്തിനായി കുളം നിർമ്മിക്കേണ്ടത് ആവശ്യമാണെന്ന് കരുണാപുരം കൃഷി ഓഫീസർ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. കുളം നിർമ്മിക്കുന്നതിനായി അപേക്ഷാ സ്ഥലത്തു നിന്നും 722.08 $M^3$ പാറ ഖനനം ചെയ്യേണ്ടതുണ്ടെന്ന എഞ്ചിനീയർ തയ്യാറാക്കിയ പ്ലാനിന്റെ പകർപ്പും, കെ.എം.എം.സി ചട്ടം-104 പ്രകാരമുള്ള പ്രത്യേക അനുമതിക്കായി ദേവികുളം സബ്കളക്ടറുടെ നിരാക്ഷേപ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അപേക്ഷാ സ്ഥലത്തുനിന്നും കാർഷികാവശ്യത്തിനു കുളം നിർമ്മിക്കുന്നതിനായി 722.08 $M^3$ പാറ നിബന്ധനകൾക്ക് വിധേയമായി ഖനനം ചെയ്തുനീക്കുന്നതിനു 2015-ലെ കെ.എം.എം.സി

ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേക അനുമതി നൽകാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. അയ്യപ്പൻപിള്ള, പാലക്കൽ വീട്, കുഴിത്തോളു പി.ഒ, ഇടുക്കി എന്നയാളുടെ ഉടമസ്ഥതയിൽ ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ, കരുണാപുരം വില്ലേജിൽ, സർവ്വേ നമ്പർ 67/1-3116-1, 67/1-1531-8 എന്നിവയിൽപ്പെട്ട 0.2022 ഹെക്ടർ സ്ഥലത്ത് കൃഷി ആവശ്യത്തിന് കുളം നിർമ്മിക്കുന്നതിനായി 722.08 $M^3$ പാറ ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഖനനം ചെയ്ത് നീക്കുന്നതിന് 2015-ലെ കെ.എം.എം.സി(ഭേദഗതി) ചട്ടങ്ങളിലെ, ചട്ടം-104 പ്രകാരം പ്രത്യേകാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് പാറ പൊട്ടിക്കാൻ പാടില്ല.
2. അനുമതി നൽകുന്ന ധാതുവിന് മുൻകൂറായി റോയൽറ്റി ഒടുക്കേണ്ടതാണ്.
3. പൊതുഅവധി ദിവസങ്ങളിൽ പാറ പൊട്ടിക്കൽ/നീക്കം ചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താൻ പാടില്ല.
4. പരിസരവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിലും പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലും മാത്രമേ മേൽ പ്രവൃത്തി നടത്താൻ പാടുള്ളൂ.

5. ഇടുക്കി ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുശേഷം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

6. ചട്ടം 104 പ്രകാരം നൽകിയ പ്രത്യേകാനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ KMMC ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BYJU KUMAR S
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
സബ് കളക്ടർ, ദേവികുളം
ശ്രീ. അയ്യപ്പൻപിള്ള, പാലക്കൽ വീട്, കുഴിത്തോളു പി.ഒ, ഇടുക്കി
ജില്ലാ ജിയോളജിസ്റ്റ്, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള,തിരുവവനന്തപുരം
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 21-03-2024 17:27:46